അബ്ദുല്ലത്വീഫ് കൊടുവള്ളി

# തെറ്റുകൾ മായ്ച്ച് ശരികൾ എഴുതുന്നവരുടെ ഉദാഹരണം

عن عُقْبَةَ بْنِ عَامِرٍ رضي الله عنه قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ مَثَلَ الَّذِي يَعْمَلُ السَّيِّئَاتِ ثُمَّ يَعْمَلُ الْحسنَاتِ كَمَثَلِ رَجُلٍ كَانَتْ عَلَيْهِ دِرْعٌ ضَيِّقَةٌ قَدْ خَنَقَتْهُ, ثُمَّ عَمِلَ حَسَنَةً فَانْفَكَّتْ حَلْقَةٌ, ثُمَّ عَمِلَ حَسَنَةً أُخْرَى حَتَّى يَخْرُجَ إِلَى الأَرْضِ

**ഉഖ്ബതുബ്നു ആമിറി(റ)ൽനിന്ന്. നബി (സ) പറഞ്ഞു: 'നിശ്ചയം തിന്മകൾ ചെയ്യുകയും പിന്നെ (പശ്ചാത്തപിച്ച്) നന്മകൾ പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ ഉദാഹരണം, ശ്വാസം മുട്ടുമാറുള്ള ഇടുങ്ങിയ പടയങ്കി ധരിച്ചവനെ പോലെയാണ്. പിന്നീടയാൾ നന്മ ചെയ്തപ്പോൾ പടയങ്കിയുടെ കണ്ണി അഴിഞ്ഞു. ശേഷം അയാൾ വേറെയും നന്മ ചെയ്തു. അങ്ങനെ അയാൾക്ക് ഭൂമിയിലേക്ക് തുറസ്സായി' (അഹ്മദ് 17307, അൽബാനി, അസ്സ്വിൽസിലത്തുസ്സ്വഹീഹ 2854).**

നന്മതിന്മകളെക്കുറിച്ച ഇസ്‌ലാമിന്റെ സവിശേഷമായ നിലപാട് ഉദാഹരണസഹിതം വിശദീകരിക്കുന്നതാണ് മുകളിലെ ഹദീസ്. കുട്ടിക്കാലത്ത് സ്ലേറ്റിനും പെൻസിലിനുമൊപ്പം മഷിത്തണ്ടും നോട്ട്ബുക്കിനും കടലാസു പെൻസിലിനുമൊപ്പം മായ്ക്കു റബ്ബറും കൂടെ കരുതിയിട്ടാണല്ലോ നാമൊക്കെ സ്കൂളിൽ പോയിരുന്നത്. പെൻസിലിന്റെ അതേ പ്രാധാന്യം മായ്ക്കുപാധികൾക്കും നാം കൽപിക്കുന്നു. എഴുതുമ്പോൾ തെറ്റും, തെറ്റിയാൽ തിരുത്തണം എന്ന പാഠം ഇതിലൂടെ നാം ചെറുപ്പകാലം മുതൽക്കേ വശമാക്കുന്നുണ്ട്. ജീവിതമാകുന്ന പാഠശാലയിൽ ഈ പ്രക്രിയ മരണം വരെ മനുഷ്യർ തുടരണമെന്നും തിന്മകൾ കുരുക്കുകളാണെന്നും തിന്മയെ നന്മയിലൂടെ തിരുത്തുമ്പോൾ അനന്തവിസ്തൃതമായ സമാശ്വാസ ലോകമാണ് മനുഷ്യന്റെ മുമ്പാകെ തുറന്നുകിട്ടുകയെന്നും മേൽ നബിവചനം പഠിപ്പിക്കുന്നു. നബി(സ)യുടെ അധ്യാപന തന്ത്രങ്ങളിൽ പ്രധാനമാണ് ഉദാഹരണങ്ങൾ അവതരിപ്പിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്ന രീതി. തിന്മകളെ നന്മകളിലൂടെ തിരുത്തുമ്പോൾ എന്തു സംഭവിക്കുന്നു എന്ന് നബി(സ) ഈ ഹദീസിലൂടെ വിവരിക്കുന്നു.

മനുഷ്യരുടെ സഹജഭാവം നന്മയാണെങ്കിലും പല കാരണങ്ങളാൽ തെറ്റുകൾ സംഭവിക്കാം. പൈശാചിക സ്വാധീനം, സാഹചര്യങ്ങളുടെ സമ്മർദം, തിന്മകളുടെ നേരെയുള്ള ലാഘവ മനസ്സ് മുതലായ പലതും കാരണമാവാം. തിന്മകൾ ചെയ്യാനുള്ള അവസരം ഉപയോഗപ്പെടുത്താം, എന്നിട്ട് പശ്ചാത്തപിക്കാം എന്നതും ചില മനുഷ്യരിലെങ്കിലും കണ്ടുവരുന്ന പ്രവണതയാണ്. 'നിങ്ങൾ യൂസുഫിനെ കൊന്നുകളയുക. അല്ലെങ്കിൽ വല്ല ഭൂപ്രദേശത്തും അവനെ (കൊണ്ടുപോയി) ഇട്ടേക്കുക. എങ്കിൽ നിങ്ങളുടെ പിതാവിന്റെ മുഖം (പ്രീതി) നിങ്ങൾക്ക് ഒഴിഞ്ഞുകിട്ടും. അതിനുശേഷം നിങ്ങൾക്ക് നല്ല ആളുകളായി കഴിയുകയും ചെയ്യാം' എന്ന് യൂസുഫ് നബിയുടെ സഹോദരൻ പറഞ്ഞ കാര്യം ഖുർആൻ (*യൂസുഫ്:* 9) ഉദ്ധരിക്കുന്നത് മനുഷ്യന്റെ ഈ പൈശാചിക ഭാവത്തെയും ദൗർബല്യത്തെയുമാണ് അടയാളപ്പെടുത്തുന്നുണ്ട്.

നന്മ-തിന്മകളെയും സന്മാർഗ-ദുർമാർഗങ്ങളെയും കുറിച്ച് ഖുർആൻ അവതരിപ്പിക്കുന്ന വ്യക്തി-സമൂഹ വിശകലനങ്ങൾ പരിശോധിക്കുമ്പോൾ രണ്ടു ചിത്രങ്ങൾ തെളിഞ്ഞുകാണാം. ഒന്ന്: ജീവിതത്തിൽ ലഭ്യമായ നന്മകളെ തിന്മകൾക്കുപയോഗിച്ച് നാശമടയുന്ന വ്യക്തികളും സമൂഹങ്ങളും. (ഇത്തരം ലോകാനുഭവങ്ങളാണ് കൂടുതൽ). രണ്ട്: തിന്മകളിൽനിന്ന് പശ്ചാത്തപിച്ച് നന്മകൾ ചെയ്ത് ഉത്തമവും ശ്രേഷ്ഠവുമായ ജീവിതം തിരിച്ചു പിടിക്കുന്നവർ.

ഭൗതികമായ ക്ഷേമത്തിനും പാരത്രികമായ മോക്ഷത്തിനും നിദാനമാകുമാറ് സത്യവിശ്വാസികളിൽനിന്ന് മനസ്സാ-വാചാ-കർമണാ സംഭവിക്കുന്ന എല്ലാ നല്ല കാര്യങ്ങളും ഹസനത്ത് (നന്മ) എന്നറിയപ്പെടുന്നു. ഇതിന്റെ വിപരീതമാണ് സയ്യിഅത്ത് (തിന്മ). നന്മയുടെ സ്വാധീന വ്യാപ്തിയും തിന്മയുടെ പ്രത്യാഘാതങ്ങളും വലുതാണ്. ഏതൊരു തിന്മയും അല്ലാഹുവിന്റെ അനിഷ്ടത്തിനു കാരണമാവുന്നു, പലതരം പ്രതിസന്ധികളും സൃഷ്ടിക്കുന്നു, ഹൃദയത്തിൽ കറുപ്പ് വീഴ്ത്തുന്നു, മനസ്സിനെ അന്ധകാരമയമാക്കുന്നു, ജീവിതവിഭവങ്ങൾ തടയപ്പെടാൻ കാരണമാവുന്നു, നിന്ദ്യതക്കും ഹീനത്വത്തിനും വഴിവെക്കുന്നു, ഭൂമിയിൽ കുഴപ്പങ്ങൾക്കിടയാക്കുന്നു, ശത്രുക്കൾക്ക് മേൽക്കോയ്മ നൽകുന്നു, അനുഗ്ര

ഹങ്ങൾ നഷ്ടപ്പെടുത്തുന്നു, മുഖശോഭ നശിക്കുന്നു, ശരീര ബലം ക്ഷയിപ്പിക്കുന്നു, ജനങ്ങളുടെ വെറുപ്പിനിടയാക്കുന്നു, ഹൃദയത്തിന്റെ വെളിച്ചം കെടുത്തുന്നു, മാനസികമായ അധീരതക്കിടയാക്കുന്നു മുതലായവ സ്വഹാബികളും മുൻഗാമികളും എടുത്തു പറഞ്ഞ തിന്മയുടെ ദോഷഫലങ്ങളാണ്.

തബൂക്ക് യുദ്ധത്തിൽനിന്ന് പിന്മാറി നിന്നതിന്റെ പേരിൽ കുറ്റബോധം തോന്നിയ സ്വഹാബികളെക്കുറിച്ച ഖുർആൻ സൂക്തങ്ങൾ അവർ അതിന്റെ പേരിൽ അനുഭവിച്ച മാനസിക സംഘർഷം വിവരിച്ചത് ഇങ്ങനെയാണ്: ''ഭൂമി വിശാലമായിട്ടുകൂടി അതവർക്ക് ഇടുങ്ങിയതായിത്തീരുകയും തങ്ങളുടെ മനസ്സുകൾ തന്നെയും അവർക്ക് ഞെരുങ്ങിപ്പോവുകയും ചെയ്തു'' (*തൗബ:* 118).

അക്ഷരാർഥത്തിൽ ഭൗതികവും ആത്മീയവുമായ ഞെരുക്കമാണ് അവർ അനുഭവിച്ചത്.

തിന്മയുടെ ഇത്തരം പ്രത്യാഘാതങ്ങളെപ്പറ്റി നബി(സ) മനുഷ്യനെ ശ്വാസം മുട്ടിക്കുന്ന പടയങ്കിയോടാണ് ഉപമിക്കുന്നത്. ചെയ്യുന്ന ഓരോ തിന്മയും സങ്കോചിക്കുന്ന പടയങ്കിപോലെ മനുഷ്യനെ ഞെരുക്കുന്നു. എന്നാൽ തിന്മകളിൽനിന്ന് പശ്ചാതത്തപിച്ച് ജീവിതം നന്മകളാൽ തിരുത്തി എഴുതാൻ തയാറെടുക്കുന്നതോടെ, കണ്ണികൾ അഴിഞ്ഞു വികസിക്കുന്ന പടയങ്കിയിൽനിന്ന് സ്വതന്ത്രമാവുന്ന ശരീരം പോലെ ആത്മാവിന് എന്തെന്നില്ലാത്ത സമാശ്വാസം ലഭിക്കുന്നു. അതിന്റെ ഗുണം മോചിതനാകുന്ന വ്യക്തിക്കും സമൂഹത്തിനും ഒരുപോലെ ലഭിക്കുന്നു. കടുത്ത പ്രവാചക വിരോധികളായിരുന്ന ഖാലിദുബ്നുൽ വലീദും വഹ്ശിയും ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പു ചെയ്ത എല്ലാ തിന്മകളെയും പിന്നീട് ചെയ്ത നന്മകളിലൂടെ മായ്ച്ചുകളഞ്ഞത് ചരിത്രമായി നമ്മുടെ മുമ്പിലുണ്ട്.

തിന്മകളിൽനിന്ന് പശ്ചാത്തപിക്കുകയും സത്യവിശ്വാസം പുതുക്കുകയും തുടർന്ന് സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരുടെ പാപങ്ങളെ അല്ലാഹു സൽക്കർമങ്ങളാക്കി മാറ്റുമെന്ന് *ഫുർഖാൻ* 70-ൽ ഖുർആൻ സന്തോഷവാർത്ത അറിയിക്കുന്നുണ്ട്. ഇതിന് രണ്ടു വ്യാഖ്യാനങ്ങളുണ്ട്. ഒന്ന്: തെറ്റുകളിൽ അഭിരമിച്ചിരുന്നവരെ അല്ലാഹു നന്മയിൽ പ്രതിപത്തിയുള്ളവരാക്കി മാറ്റുന്നു. രണ്ട്: ആത്മാർഥമായ പശ്ചാത്താപത്തിലൂടെ അല്ലാഹു തിന്മകളെ നന്മകളാക്കി മാറ്റുന്നു. കർമരേഖയിൽ തിന്മകൾ രേഖപ്പെട്ടുകാണുമെങ്കിലും അവ ദോഷം ചെയ്യാത്തവിധം അല്ലാഹു അവയെ നിർവീര്യമാക്കുന്നു. നബി(സ) പറയുന്നു: 'നരകത്തിൽനിന്ന് ഏറ്റവും അവസാനം പുറത്തുവരികയും സ്വർഗത്തിൽ ഏറ്റവും അവസാനം പ്രവേശിക്കുകയും ചെയ്യുന്ന ആളെ എനിക്കറിയാം. അയാൾ ചെയ്ത വലുതും ചെറുതുമായ തെറ്റുകളെക്കുറിച്ച് അയാളോട് ചോദിക്കും. എല്ലാം അയാൾ സമ്മതിക്കും. ഒടുവിൽ അയാളോട് പറയപ്പെടും: 'നിങ്ങളുടെ എല്ലാ തെറ്റുകൾക്കും പകരം നന്മയുണ്ട്.' അപ്പോൾ അയാൾ പറയും: 'ഞാൻ ചെയ്ത തെറ്റുകളൊന്നും രേഖയിൽ ഇപ്പോൾ കാണുന്നില്ലല്ലോ' (മുസ്‌ലിം).

നന്മകൾ പുണ്യങ്ങൾ മാത്രമല്ല, തിന്മകളെ മായ്ക്കാൻ ശേഷിയുള്ളവയുമാണെന്നു സാരം. ●